I/130898/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(Present HARITHA V KUMAR)

വിഷയം: വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) വനിത ശിശു വികസന ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ 13/09/2023 ലെ DWCD/2589/2022-E4 നമ്പർ പരിപത്രം.
2) വനിത ശിശു വികസന ഡയറക്ടറുടെ 04/02/2021 ലെ WCD/E8-12035/20 നമ്പർ ഉത്തരവ്.
3) വനിത ശിശു വികസന ഡയറക്ടറുടെ 08/11/2023 ലെ DWCD/2589/2022-E4 നമ്പർ ഉത്തരവ്.
4) വെള്ളാങ്ങല്ലൂർ ശിശു വികസന പദ്ധതി ഓഫീസറുടെ 09/11/2023 ലെ ICDS/VGR/736/2021 നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/2589/2022-E4 തീയതി: 07-12-2023**

വനിതാ ശിശു വികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ പത്ത് ഒഴിവുളിലേക്ക് വകുപ്പിലെ ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ യോഗ്യരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് വിവിധ കാര്യാലയങ്ങളിൽ നിയമനം നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരമുളള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം 84 ആയി ഉൾപ്പെട്ട വെള്ളാങ്ങല്ലൂർ ഐ.സി.ഡി.എസ് ലെ ക്ലർക്ക് ശ്രീമതി. സുജിതമോൾ പി എസ് നെ ഉദ്യോഗകയറ്റത്തിന് പരിഗണിച്ചില്ലായെന്നും, ടിയാളെക്കാളും ജൂനിയറായ ജീവനക്കാരെ ഉദ്യോഗക്കയറ്റത്തിന് പരിഗണിച്ചിരുന്നുവെന്നും, നിലവിൽ ടിയാൾ ഡിപ്പാർട്ട്മെന്റ് പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കണമെന്നും പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി സുജിതമോൾ പി എസിന്റെ അപേക്ഷ പരിശോധിച്ചതിൽ പരാമർശം (2) പ്രകാരമുളള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം 84 ആയി ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും ഉദ്യോഗക്കയറ്റ വേളയിൽ ടെസ്റ്റ് യോഗ്യത നേടിയത് സംബന്ധിച്ച വിവരം വെള്ളാങ്ങല്ലൂർ ശിശു വികസന പദ്ധതി ഒഫീസ്സർ റിപ്പോർട്ട് ചെയ്തിരുന്നില്ല.

ഈ സാഹചര്യത്തിൽ ശ്രീമതി. സുജിതമോൾ പി. എസ് ഹാജരാക്കിയ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ(1) പ്രകാരം 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം അനുവദിച്ച് ചുവടെ പറയുന്ന പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര്, തസ്തിക,നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | സീനിയോറിറ്റി നമ്പർ | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കര്യാലയം |
|---|---|---|---|
| 1 | ശ്രീമതി. സുജിതമോൾ പി എസ്, ക്ലാർക്ക്, ഐ.സി.ഡി.എസ് വെള്ളാങ്ങല്ലൂർ. | 84 | സീനിയർ ക്ലാർക്ക് ജില്ലാ വനിതാ ശിശു വികസന ഓഫീസ്, കാസറഗോഡ്. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിക്ക ചട്ടം പ്രകാരമുളള ശമ്പള നിർണ്ണയത്തിനും, നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

I/130898/2023

ജീവനക്കാരിയെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരിയുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയമേധാവികൾ അയച്ചു തരേണ്ടതാണ്.

HARITHA V KUMAR
DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : 1) ജില്ലാ വനിതാ ശിശു വികസന ഓഫീസർ/പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ/കാസറഗോഡ്

2) ശിശു വികസന പദ്ധതി ഓഫീസർ, വെള്ളാങ്ങല്ലൂർ

3) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്